# ബന്ധപ്പെടാനുള്ള വിശദാംശങ്ങൾ

PSNI 101

സാമൂഹിക സേവനങ്ങൾ
ഡൗൺ ആൻഡ് കോണർ രൂപത നാല് ഹെൽത്ത് ആന്റ് സോഷ്യൽ കെയർ ട്രസ്റ്റുകളിലായി സ്ഥിതി ചെയ്യുന്നു

ബെൽഫാസ്റ്റ് ഹെൽത്ത് ആൻഡ് സോഷ്യൽ കെയർ ട്രസ്റ്റ
കുട്ടികളുടെ ഗേറ്റ്‌വേ സേവനങ്ങൾ 028 9050 7000

സൗത്ത് ഈസ്റ്റേൺ ഹെൽത്ത് ആൻഡ് സോഷ്യൽ കെയർ ട്രസ്റ്റ്
കുട്ടികളുടെ ഗേറ്റ്‌വേ സേവനങ്ങൾ 0300 1000 300

സതേൺ ഹെൽത്ത് ആൻഡ് സോഷ്യൽ കെയർ ട്രസ്റ്റ്

കുട്ടികളുടെ ഗേറ്റ്‌വേ സേവനങ്ങൾ 0800 783 7745 (ഫ്രീഫോൺ യുകെ)/028 3756 7100

നോർത്തേൺ ഹെൽത്ത് ആൻഡ് സോഷ്യൽ കെയർ ട്രസ്റ്റ്
കുട്ടികളുടെ ഗേറ്റ്‌വേ സേവനങ്ങൾ 0300 1234 333

ഓഫീസ് സമയത്തിന് പുറത്തുള്ള പ്രാദേശിക അടിയന്തര
സോഷ്യൽ വർക്ക് സേവനം (എല്ലാ ട്രസ്റ്റ് ഏരിയകളും) 028 9504 9999

(ചില മൊബൈൽ നെറ്റ് വർക്കുകൾ ഇതിന് നിരക്ക് ഈടാക്കുമെന്നത് ശ്രദ്ധിക്കുക, എന്നാൽ ലാൻഡ്‌ലൈൻ കോളുകൾ സൗജന്യമാണ്)

സംരക്ഷണ ഓഫീസ് 028 9049 2798
120 ക്ലിഫ്ടൺവിൽ റോഡ് office@soddc.org
ബെൽഫാസ്റ്റ് BT14 6LA
നിയുക്ത ബന്ധപ്പെട്ട വ്യക്തി 07534 992 124
ഫിലിപ്പ് ഒ'ഹാര philip.ohara@soddc.org

NSPCC ഹെൽപ്പ് ലൈൻ 0808 800 5000

NEXUS ഇൻസ്റ്റിറ്റ്യൂട്ട് 028 9032 6803
(ലൈംഗിക ദുരുപയോഗ കൗൺസിലിംഗ് NI) info@nexusinstitute.org

രോഗശാന്തിയിലേക്ക് ഫ്രീഫോൺ (യുകെ): 0800 0963 315

അയർലണ്ടിലെ കത്തോലിക്കാ സഭയ്ക്ക് വേണ്ടി കുട്ടികളെ
സംരക്ഷിക്കുന്നതിനുള്ള ദേശീയ ബോർഡ് 00 353 1 505 3124
സിഇഒ ശ്രീമതി തെരേസ ഡെവ്‌ലിൻ teresa.devlin@safeguarding.ie

ഈ രേഖയിൽ അടങ്ങിയിരിക്കുന്ന വിവരങ്ങൾ പ്രസിദ്ധീകരിക്കുന്ന സമയത്ത് കൃത്യമായിരുന്നു. കാലക്രമേണ എന്തെങ്കിലും ഭേദഗതികളും കൂട്ടിച്ചേർക്കലുകളും www.downandconnorsafeguarding.com എന്ന സേഫ്ഗാർഡിംഗ് വെബ്സൈറ്റിൽ പുതുക്കുന്നതായിരിക്കും.

Safeguarding Office
CATHOLIC DIOCESE OF DOWN AND CONNOR



# കുട്ടികളെ ദുരുപയോഗം ചെയ്യുന്നതായി നിങ്ങൾക്ക് ആശങ്കയോ സംശയമോ അല്ലെങ്കിൽ ഒരു ആരോപണം ഉന്നയിക്കാൻ ആഗ്രഹമോ ഉണ്ടെങ്കിൽ എന്തു ചെയ്യണം.

Safeguarding Office
CATHOLIC DIOCESE OF DOWN AND CONNOR

ഏതെങ്കിലും വൈദികർ, ഉദ്യോഗസ്ഥർ അല്ലെങ്കിൽ സന്നദ്ധപ്രവർത്തകർ എന്നിവർക്കെതിരെയുള്ള ബാലപീഡനത്തെക്കുറിച്ചുള്ള എല്ലാ ആരോപണങ്ങളും സംശയങ്ങളും ആശങ്കകളും ഡൗൺ ആൻഡ് കോണർ രൂപത ഗൗരവമായി കാണുന്നു.

രൂപതയുടെ ശ്രദ്ധയിൽപ്പെടുത്തിയ കുട്ടികളെ ദുരുപയോഗം ചെയ്യുന്ന എല്ലാ ആരോപണങ്ങളും പ്രോസസ്സ് ചെയ്യുന്ന ഒരു സേവനം നൽകുന്നതിന് രൂപതയ്ക്ക് ഒരു നിയുക്ത ബന്ധപ്പെട്ട വ്യക്തിയുണ്ട്.

ഒരു മുതിർന്ന വ്യക്തിയെന്ന നിലയിൽ, കുട്ടിക്കാലത്ത് നിങ്ങൾ ദുരുപയോഗം ചെയ്യപ്പെടുകയോ അല്ലെങ്കിൽ ഒരു കുട്ടിയെയോ ഒരു ചെറുപ്പക്കാരനെയോ/ ചെറുപ്പക്കാരിയെയോ കുറിച്ച് നിങ്ങൾക്ക് ആശങ്കയുണ്ടെങ്കിൽ, ഇത് പരിഹരിക്കുന്നതിന് നിരവധി ഓപ്ഷനുകൾ ഉണ്ട്. ഇനിപ്പറയുന്നവയിലേതെങ്കിലും നിങ്ങൾക്ക് ബന്ധപ്പെടാം:

1. പോലീസ് (PSNI)
2. സാമൂഹിക സേവനങ്ങൾ
3. എൻ.എസ്.പി.സി.സി
4. സഭ, രൂപത നിയുക്ത ബന്ധപ്പെട്ട വ്യക്തി മുഖേന

മേൽപ്പറഞ്ഞ എല്ലാ ഏജൻസികളുമായി ബന്ധപ്പെടാനുള്ള വിശദാംശങ്ങൾ ഈ ലഘുലേഖയുടെ പുറകിലുണ്ട്.

രൂപതയുടെ നിയുക്ത ബന്ധപ്പെട്ട വ്യക്തിയുമായി നിങ്ങൾ ബന്ധപ്പെടുകയാണെങ്കിൽ, പ്രസ്തുത വ്യക്തി ഇനിപ്പറയുന്നവ ഏറ്റെടുക്കും:

## 1. ഘട്ടം ഒന്ന് - വിവരങ്ങൾ ശേഖരിക്കൽ

നിയുക്ത ബന്ധമുള്ള വ്യക്തി (DLP):

- നിങ്ങൾ പങ്കിടാൻ ആഗ്രഹിക്കുന്ന വിവരങ്ങൾ ശേഖരിക്കും
- ഈ വിവരങ്ങളുടെ രേഖാമൂലമുള്ള റെക്കോർഡ് ഉണ്ടാക്കും (ഇതൊരു ഔപചാരിക പ്രസ്താവനയല്ല) കൃത്യതയ്ക്കായി ഇത് നിങ്ങളുമായി
- പങ്കിടും.
  വിവരങ്ങൾ പോലീസിലേക്കും ഉചിതമെങ്കിൽ ഡിഎൽപി സോഷ്യൽ സർവീസിലേക്കും റിഫർ ചെയ്യണമെന്ന് വിശദീകരിക്കും.

## 2. ഘട്ടം രണ്ട് - ലഭ്യമായ പിന്തുണ

നിയുക്ത ബന്ധമുള്ള വ്യക്തി ഇനിപ്പറയുന്നവ ചെയ്യും:

- ഇനിപ്പറയുന്നവയിൽ ഉൾപ്പെട്ടേക്കാവുന്ന ഏതെങ്കിലും പിന്തുണ നിങ്ങൾക്ക് വാഗ്ദാനം ചെയ്യും:
  - പിന്തുണാ വ്യക്തി (സപ്പോർട് പേർസൺ) എന്നറിയപ്പെടുന്ന ഒരു തിരിച്ചറിയപ്പെട്ട വ്യക്തി (ഇത് DLP അല്ല.), ഏത് അന്വേഷണവും പുരോഗമിക്കുമ്പോൾ ഈ പ്രക്രിയയെക്കുറിച്ച് നിങ്ങളെ സഹായിക്കുകയും ഉപദേശിക്കുകയും ചെയ്യും. നിങ്ങൾക്ക് സമ്മതമാണെങ്കിൽ, ഉചിതമായ സാമൂഹിക സേവനങ്ങൾ ലഭ്യമാകുന്നതിനും, നിങ്ങളുടെ ജിപിയുമായി ബന്ധപ്പെടാനും ഈ വ്യക്തി നിങ്ങളെ സഹായിച്ചേക്കാം.
  - കൗൺസിലിംഗ്. നിങ്ങൾക്ക് നേരിട്ട് ബന്ധപ്പെടാൻ കഴിയുന്ന ഒരു സ്വതന്ത്ര കൗൺസിലിംഗ് സേവനമായ "രോഗശാന്തിയിലേക്ക്" ("Towards Healing") സഭ കരാർ ചെയ്തിട്ടുണ്ട്. (സമ്പർക്ക വിശദാംശങ്ങൾ ഈ ലഘുലേഖയുടെ പിൻഭാഗത്ത് കാണാം.) - ഇതൊരു രഹസ്യാത്മക സേവനമാണ്.
  - നിങ്ങൾക്ക് ആവശ്യമായ പിന്തുണ നൽകാൻ അനുയോജ്യമായ മറ്റ് സംഘടനകളിൽ എങ്ങനെ പ്രവേശനം ലഭിക്കാം എന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ, ഉദാഹരണത്തിന്, NEXUS (ലഘുലേഖയുടെ പിൻഭാഗത്തുള്ള കോൺടാക്റ്റ് വിശദാംശങ്ങൾ).

## 3. ഘട്ടം മൂന്ന് - അടുത്തത് എന്താണ് സംഭവിക്കുന്നത്?

വിവരങ്ങൾ PSNI/സോഷ്യൽ സർവീസസിലേക്ക് വിഷയീകരിച്ചു കഴിഞ്ഞാൽ (റിഫർ ചെയ്തു കഴിഞ്ഞാൽ), നിയുക്ത ബന്ധമുള്ള വ്യക്തി ഇനിപ്പറയുന്നവ ചെയ്യും:

- ഒരു ആരോപണം ലഭിച്ചിട്ടുണ്ടെന്നും ഫയൽ റെക്കോർഡ് സൃഷ്ടിച്ചിട്ടുണ്ടെന്നും ബിഷപ്പിനെ അറിയിക്കും
- പ്രസക്തമായ വിവരങ്ങളുടെ ഉചിതമായ കൈമാറ്റം ഉറപ്പാക്കാൻ പിഎസ്എൻഐയുമായും അല്ലെങ്കിൽ സാമൂഹിക സേവനവുമായും ബന്ധപ്പെടും. ആരോപണത്തിന്റെ നിയമപരമായ അന്വേഷണത്തിൽ ഡിഎൽപിക്ക് പങ്കില്ല
- ആരോപണം ഉന്നയിക്കപ്പെട്ട വ്യക്തിയുമായി (റെസ്പോണ്ടന്റ്) ബന്ധപ്പെടും . ഈ മീറ്റിംഗിന്റെ സമയം പോലീസ് നിർണ്ണയിക്കുകയും ഇനിപ്പറയുന്നവയുടെ രൂപരേഖ നൽകുകയും ചെയ്യും:

(i) ഒരു ആരോപണം ഉന്നയിക്കപ്പെട്ടിട്ടുണ്ടെന്നും, സമ്മതിച്ചാൽ, ആരാണ് ആരോപണം ഉന്നയിച്ചത് എന്നും
(ii) പ്രതിയുമായി പങ്കിടേണ്ട വിവരങ്ങൾ - വീണ്ടും പോലീസ് നിർണ്ണയിക്കുന്നു.

NB: ചില ആരോപണങ്ങളുടെ സങ്കീർണതകൾ കണക്കിലെടുക്കുമ്പോൾ, ഈ പ്രക്രിയ ദൈർഘ്യമേറിയതും പൂർത്തിയാകാൻ കുറച്ച് സമയമെടുത്തേക്കുന്നതും ആയിരിക്കാം.

നിങ്ങളുടെ ആശങ്ക/ആരോപണം എങ്ങനെ കൈകാര്യം ചെയ്തു എന്നതിൽ നിങ്ങൾക്ക് അതൃപ്തിയുണ്ടെങ്കിൽ എന്തു ചെയ്യാം?

നിങ്ങളുടെ ആശങ്ക/സംശയം അല്ലെങ്കിൽ ആരോപണങ്ങൾ കൈകാര്യം ചെയ്ത രീതിയിൽ നിങ്ങൾക്ക് അതൃപ്തിയുണ്ടെങ്കിൽ, ഈ സാഹചര്യം പരിഹരിക്കുന്നതിന് രൂപതയ്ക്ക് ഒരു പരാതി നടപടിക്രമം നിലവിലുണ്ട്. ഒരു പകർപ്പ് സുരക്ഷ ഓഫീസിൽ നിന്ന് ലഭിക്കും (ഈ ലഘുലേഖയുടെ പിൻഭാഗത്തുള്ള ബന്ധപ്പെടാനുള്ള വിശദാംശങ്ങൾ കാണുക).

ഈ പ്രക്രിയയ്ക്ക് ശേഷവും, നിങ്ങളുടെ ആശങ്ക/സംശയങ്ങൾ അല്ലെങ്കിൽ ആരോപണങ്ങൾ കൈകാര്യം ചെയ്ത രീതിയിൽ നിങ്ങൾക്ക് അതൃപ്തി നിലനിൽക്കുന്നുവെങ്കിൽ, അത്തരം ആശങ്കകൾ പരിഹരിക്കുന്നതിന് അയർലണ്ടിലെ കത്തോലിക്കാ സഭയിലെ കുട്ടികളുടെ സംരക്ഷണത്തിനുള്ള ദേശീയ ഭരണസമിതിക്ക് പരാതികൾ നൽകാനുള്ള നടപടിക്രമമുണ്ട്.